"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കയർ വികസനം - "കയറിനൊരു കൈത്താങ്ങ് - ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം" പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

വ്യവസായ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.**918/2026/ID** തീയതി,തിരുവനന്തപുരം, **07-08-2026**

---

പരാമർശം:- **1. 23-07-2026**-ലെ സ.ഉ.(കൈ) നം. **49/2026**/വ്യവ.

**2.** കയർ വികസന ഡയറക്ടറുടെ **28-07-2026** ലെ **DCD/633/2026-CP6** നമ്പർ കത്ത്.

**ഉത്തരവ്**

കയർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കയർ വകുപ്പ് നടപ്പിലാക്കുന്ന "കയറിനൊരു കൈത്താങ്ങ് - ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം" എന്ന പദ്ധതിക്ക് പരാമർശം (1) പ്രകാരം അംഗീകാരം നൽകി ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് മേധാവികൾക്കും (ബന്ധപ്പെട്ട വകുപ്പു മുഖേന).
എല്ലാ ജില്ലാ കളക്ടർമാർക്കും.
കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ആലപ്പുഴ.
മാനേജിംഗ് ഡയറക്ടർ, കയർഫെഡ്, ആലപ്പുഴ.
മാനേജിംഗ് ഡയറക്ടർ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, ആലപ്പുഴ.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ്, ആലപ്പുഴ.
ഡയറക്ടർ, നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം **88 OA** തീയതി **22.07.2026**)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സെക്രട്ടറിയറ്റിലെ ധനകാര്യം/നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ. (E2/109/2026-IND)

ഉത്തരവിൻ പ്രകാരം
Digitally signed by
Vidya Raj P
Date: 07-08-2026
16:11:44
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു . മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ആഭ്യന്തരവും വിജിലൻസും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

<u>അനുബന്ധം</u>

<u>"കയറിനൊരു കൈത്താങ്ങ് - ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം" പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ</u>

**1** . പദ്ധതിയുടെ വിപുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തൊട്ടാകെ **2026** ആഗസ്റ്റ് **10** മുതൽ സംസ്ഥാന - ജില്ലാ തലങ്ങളിൽ കയർ വകുപ്പിന്റെയും അനുബന്ധ ഏജൻസികളുടെയും ആഭിമുഖ്യത്തിൽ നടത്തുന്നതാണ്.

**2.** പദ്ധതിയുടെ ഭാഗമായി പ്രധാനമായും പരമ്പരാഗത കയർ ഉൽപ്പന്നങ്ങളായ ഫൈബർമാറ്റ്, ക്രീൽ മാറ്റുകൾ (ബി.സി **1**, ബി.സി-**20** ക്വാളിറ്റി) എന്നിവയാണ് വിപണനം ചെയ്യുന്നത്.

**3**. **31-03-2026** വരെ കയർ സഹകരണ സംഘങ്ങളിൽ നിന്നും കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ ഏജൻസികൾ സംഭരിച്ച പരമ്പരാഗത ഉൽപ്പന്നങ്ങളാണ് ക്യാമ്പയിന്റെ ഭാഗമായി **50%** വിലക്കുറവിൽ വിറ്റഴിക്കുന്നത്.

**4.** ആയിരം രൂപ വരെ മൂല്യമുള്ള പരമ്പരാഗത ഉൽപ്പന്നങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി **50%** വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതാണ് (ജി.എസ്.ടി ഉൾപ്പെടെ **500/-** രൂപ).

**5.** കളക്ടറേറ്റുകളിൽ പ്രത്യേകം തയ്യാറാക്കിയ കിയോസ്ക്കുകൾ, കയർ വികസന വകുപ്പ് പ്രോജക്ട് ഓഫീസുകൾ, കയർ ഇൻസ്പെക്ടർ ഓഫീസുകൾ, കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷോറൂമുകൾ കൂടാതെ എല്ലാ പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും പ്രത്യേകം കേന്ദ്രങ്ങളിലൂടെയും ഉൽപ്പന്നങ്ങൾ ലഭ്യമാക്കും.

**6** . സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾക്ക് കീഴിൽ വരുന്ന വിവിധ അനുബന്ധ സ്ഥാപനങ്ങൾ, ടൂറിസം വകുപ്പ്, ഗസ്റ്റ് ഹൗസ്, റസ്റ്റ് ഹൗസുകൾ, ജയിലുകൾ, പോലീസ് സ്റ്റേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിർബന്ധമായും കയർ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്ഥാപനമേധാവികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ മേൽപ്പറഞ്ഞ എല്ലാ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പങ്കാളിത്തം ഈ പദ്ധതിക്ക് അതാത് സ്ഥാപനമേധാവികൾ ഉറപ്പാക്കേണ്ടതാണ്.

**7 .** കയർ വകുപ്പ് ജീവനക്കാർ ഓഫീസുകളും വിവിധ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് പദ്ധതി സംബന്ധിച്ച് വിപുലമായ ക്യാമ്പയിൻ നടത്തേണ്ടതും ആവശ്യമായ ഉൽപ്പന്നങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് ആയത് കയർ കോർപ്പറേഷൻ / കയർഫെഡിനെ അറിയിച്ച് ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള ക്രമീകരണം നടത്തേണ്ടതുമാണ്.

**8 .** ജീവനക്കാർക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ മേൽ സൂചിപ്പിച്ച പഞ്ചായത്ത് കേന്ദ്രം / പൊതുമേഖലാ സ്ഥാപനങ്ങളുടെ ഔട്ട് ലെറ്റുകൾ / കയർ പ്രൊജക്റ്റ് ഓഫീസ് / കയർ ഇൻസ്പെക്ടർ ഓഫീസ് / കളക്ടറേറ്റുകളിൽ പ്രത്യേകം സജ്ജീകരിച്ച കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ലഭ്യമാക്കുന്നതാണ്.

**9 .** പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലേക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിന്റെ ചുമതല കയർഫെഡിനായിരിക്കും. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഉൽപ്പന്നം വിതരണം ചെയ്യുന്നതിനുള്ള ചുമതല കയർ കോർപ്പറേഷൻ വഹിക്കുന്നതാണ്.

**10.** ക്യാമ്പയിന്റെ ഭാഗമായ വിൽപ്പന, വിതരണം എന്നിവ സംബന്ധിച്ച് കയർ ഡയറക്ടറുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും അവലോകനം നടത്തേണ്ടതാണ്.

**1 1 .** പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ പ്രൊജക്റ്റ് ഓഫീസുകളിലും പ്രൊജക്ട്തല കമ്മിറ്റി രൂപീകരിക്കേണ്ടതും കയർ വികസന ഡയറക്ടറേറ്റ് കയർഫെഡ്/കയർ കോർപ്പറേഷൻ എന്നിവിടങ്ങളുമായി പ്രൊജക്ട്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതുമാണ്.

**12.** പദ്ധതി നടത്തിപ്പിന്റെയും ഏകോപനത്തിന്റെയും പൂർണ്ണ ചുമതല കയർ വികസന ഡയറക്ടർക്കായിരിക്കും. പദ്ധതിയുടെ നടത്തിപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് കയർ വികസന ഡയറക്ടറേറ്റ് തലത്തിൽ ഡെപ്യൂട്ടി രജിസ്ട്രാറുടെയും അസിസ്റ്റന്റ് രജിസ്ട്രാറുടെയും നേതൃത്വത്തിൽ രണ്ട് കമ്മിറ്റികൾ രൂപീകരിക്കേണ്ടതും ദിവസം തോറുമുള്ള വിപണനം വിലയിരുത്തേണ്ടതും, പദ്ധതി നടത്തിപ്പിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള ഏകോപന പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

**13.** പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിക്കുന്നതിനായി കയർഫെഡിലും കയർ കോർപ്പറേഷനിലും ഹെൽപ്പ് ലൈൻ ആരംഭിക്കുന്നതാണ്.